**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 836** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഹൗസിംഗ് ബോർഡിന്റെ വിവിധ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ഹൗസിംഗ് ബോർഡിന്റെ കീഴിൽ നിലവിലുള്ള പദ്ധതികളെ കുറിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u> നിലവിൽ വിവിധ സർക്കാർ വകുപ്പുകൾക്കായി 94 കോടിയിലധികം രൂപ മൂല്യമുള്ള 66 കൺസൾട്ടൻസി പ്രവൃത്തികളും, KIIFB, SASCI, പ്ലാൻ പദ്ധതികൾ ഉൾപ്പെടെ 95-ലധികം പദ്ധതികളും ബോർഡ് സംസ്ഥാനത്താകെ നടപ്പിലാക്കി വരുന്നു.**

**കിഫ്ബി**

**റവന്യൂ ടവർ: പട്ടാമ്പി (പാലക്കാട്), വടകര (കോഴിക്കോട്), ചടയമംഗലം (കൊല്ലം) എന്നിവിടങ്ങളിൽ കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ച് വിവിധ റവന്യൂ ടവറുകൾ പുരോഗമിക്കുന്നു. നീണ്ടകര, തുറവൂർ, വൈക്കം, കായംകുളം താലൂക്ക് ഹോസ്പിറ്റൽ വർക്കുകൾ പുരോഗമിക്കുന്നു.**

**SASCI**

**കേന്ദ്ര സർക്കാരിന്റെ Scheme for Special Assistance to States for Capital Investment (SASCI) പദ്ധതിയുടെ ഭാഗമായി, വനിതാ ശിശു വികസന വകുപ്പിലൂടെ ലഭ്യമാകുന്ന ധനസഹായം ഉപയോഗപ്പെടുത്തി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നിലവിൽ ഇടുക്കി, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലും കണ്ണൂർ ജില്ലയിൽ സർക്കാർ ഭൂമിയിലുമായി ഏകദേശം 83.35 കോടി രൂപ ചെലവിൽ ഏഴ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതി വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട് എന്നീ സ്ഥലങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.**

**ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്കായി ഇ.ഡബ്ല്യൂ. എസ്./ എൽ. ഐ. ജി. ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി, ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം എന്നിവ നടപ്പിലാക്കി വരുന്നു.**

**സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കുമായി കണ്ണൂർ, ആലപ്പുഴ, മെഡിക്കൽ കോളേജുകളിൽ ആശ്വാസ് ഭവന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പുതുക്കാട് (തൃശ്ശൂർ), ചേളന്നൂർ (കോഴിക്കോട്), ലക്കിടി-പേരൂർ (പാലക്കാട്) എന്നിവിടങ്ങളിൽ സാഫല്യം പദ്ധതിയും നടന്നു വരുന്നു.**

**ബോർഡിന്റെ ഉടമസ്ഥതയിലുള്ള റവന്യൂ ടവറുകൾ, ഓഫീസ് സമുച്ചയങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, അതിഥി മന്ദിരങ്ങൾ എന്നിവയുടെ നവീകരണവും ആധുനികവൽക്കരണവും നടപ്പിലാക്കി വരുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, കാസർഗോഡ്, ഇടുക്കി തുടങ്ങിയ ജില്ലകളിലെ കെട്ടിട സമുച്ചയങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.**

**(ബി)** ഹൗസിംഗ് ബോർഡ് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം എന്ന് വ്യകതമാക്കുമോ?

**<u>മറുപടി:</u>** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും ഫലപ്രദമായി വിനിയോഗിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതോടൊപ്പം സംസ്ഥാനത്തിന്റെ വിവിധ ഭവന-സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും ബോർഡിന്റെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനുമായി ബോർഡ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തുവരുന്നു.

കൊച്ചി മറൈൻ ഡ്രൈവിൽ ബോർഡിന്റെ 17.9 ഏക്കർ ഭൂമിയിൽ വികസിപ്പിക്കുന്ന കെ. എസ്. എച്ച്. ബി മറൈൻ എക്കോ സിറ്റി പദ്ധതി ബോർഡിന്റെ പ്രധാന വികസന സംരഭമാണ്. 17.9 ഏക്കർ പദ്ധതി പ്രദേശത്ത് മൂന്ന് ഘട്ടങ്ങളിലായി, ആദ്യ ഘട്ടം 3.16 ഏക്കറിലും രണ്ടാമത്തേത് 2.6 ഏക്കർ ഭൂമിയിലും മൂന്നാമത്തേത് 12.14 ഏക്കറിലുമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിനായുള്ള നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നു.

വയോജന ക്ഷേമ പദ്ധതികളുടെ ഭാഗമായി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തൃശ്ശൂർ, ജില്ലയിലെ മുളംകുന്നത്തുകാവിൽ ബോർഡിന്റെ 4.29 ഏക്കർ ഭൂമിയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ Senior Citizen Homes പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 52 പാർപ്പിട യൂണിറ്റുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ ബോർഡിന്റെ ഉടമസ്ഥതയിലുള്ള എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗർ, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, ഇടുക്കി ജില്ലയിലെ കട്ടപ്പന, കോട്ടയം ജില്ലയിലെ ഗാന്ധിനഗർ, ചങ്ങനാശ്ശേരി, കോഴിക്കോട്, വയനാട് ജില്ലയിലെ മാനന്തവാടി എന്നിവിടങ്ങളിലും കോഴിക്കോട് ജില്ലയിലെ വടകരയിലെ സർക്കാർ ഭൂമിയിലുമായി എട്ട് പുതിയ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനായി ഏകദേശം 121.42 കോടി രൂപ ചെലവിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, കേന്ദ്ര സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന് സമർപ്പിച്ചിട്ടുമുണ്ട്.

കോട്ടയം ജില്ലയിൽ ബോർഡിന്റെ ഉടമസ്ഥതയിൽ എരുമേലിയിലുള്ള ഭൂമിയിൽ തീർത്ഥാടകരെയും വിനോദസഞ്ചാരികളെയും ലക്ഷ്യമാക്കി Devotional Tourism Hub പദ്ധതി കേന്ദ്ര സർക്കാരിന്റെ Scheme for Special Assistance to States for Capital Investment (SASCI) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

തിരുവനന്തപുരം (ജഗതി), ഏറണാകുളം (തൃക്കാക്കര), കോഴിക്കോട് നഗരങ്ങളിലെ ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രധാന ഭൂമികളിൽ പാരസ്പര്യം മാതൃകയിൽ ബഹു നില പാർപ്പിട സമുച്ചയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികൾ കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനും ദീർഘകാല വരുമാന സ്രോതസ്സുകൾ സൃഷ്ടിക്കുന്നതിനുമായി പോതു-സ്വകാര്യ പങ്കാളിത്ത (PPP) മാതൃകയിൽ വികസന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ആലപ്പുഴ

ജില്ലയിലെ വളവനാട്, എറണാകുളം ജില്ലയിലെ കലൂർ എന്നിവിടങ്ങളിലെ ബോർഡിന്റെ ഭൂമികളിൽ PPP മാതൃകയിൽ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനായുള്ള ട്രാൻസാക്ഷൻ അഡ്വൈസറെ തിരഞ്ഞെടുക്കുന്നതിനായുള്ള tender evaluation നടപടികൾ പൂർത്തിയാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ പുന്നയ്ക്കൽ തോപ്പിൽ പിൽഗ്രിം & ടൂറിസ്റ്റ് അമിനിറ്റി സെന്റർ തിരുവനന്തപുരം കോർപ്പറേഷനുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനായി പ്രാരംഭ നടപടികൾ സ്വീകരിച്ചു.

**സെക്ഷൻ ഓഫീസർ**